LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡിന്റെ ബിൽ കുടിശ്ശിക

71 [1172] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുത ബോർഡിന് കുടിശ്ശിക ഇനത്തിൽ എത്ര കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ ഗാർഹിക ഉപഭോക്താക്കൾ എന്നിവരുടെ കുടിശ്ശിക എത്രയെന്ന് തരംതിരിച്ച് വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ അഞ്ചു വർഷമായി കുടിശ്ശികയിനത്തിൽ എന്തു തുക പരിച്ചെടുത്തുവെന്നും ഏതെല്ലാം ഇനത്തിലാണ് പിരിവ് വന്നിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(ഡി) ഏതെങ്കിലും സ്വകാര്യ സ്ഥാപനത്തിന്റെ കുടിശ്ശിക എഴുതി തള്ളാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(ഇ) ബോർഡിന് കിട്ടേണ്ടതായ കുടിശ്ശികയ്ക്ക് സർക്കാർ സ്റ്റേ നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 30-9-2005-ലെ കണക്കനുസരിച്ച് 1467.13 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) 30-9-2005-ലെ കണക്കനുസരിച്ച് വിവിധ കേന്ദ്ര സർക്കാർ വകുപ്പുകളിൽ നിന്ന് 0.63 കോടി രൂപയും വിവിധ സംസ്ഥാന സർക്കാർ വകുപ്പുകളിൽ നിന്ന് 162.75 കോടി രൂപയും ഗാർഹിക ഉപഭോക്താക്കളിൽ നിന്നും 19.53 കോടി രൂപയും ബോർഡിന് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്.

(സി) എച്ച്. റ്റി./ഇ. എച്ച്. റ്റി. വിഭാഗത്തിൽ നിന്നും 646 കോടി രൂപയും എൽ. റ്റി. വിഭാഗത്തിൽ നിന്നും 238.5175 കോടി രൂപയും ബോർഡിന് കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(ഡി) സ്വകാര്യ സ്ഥാപനങ്ങളുടെ കുടിശ്ശിക എഴുതി തള്ളാൻ തീരുമാനിച്ചിട്ടില്ല.

(ഇ) ഇല്ല

കെ. എസ്. ഇ. ബി.-ക്കുള്ള വൈദ്യുതി കുടിശ്ശിക

72 [1173] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി.-ക്ക് വൈദ്യുതി കുടുശ്ശിക ഇനത്തിൽ എത്ര തുക പിരിഞ്ഞുകിട്ടാനുണ്ട് ;

(ബി) ഇതിൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുവാനുള്ള തുക എത്ര ; വകുപ്പു തിരിച്ച് വ്യക്തമാക്കുമോ ;